നം.കെ.എസ്.എ-കെ.ടി.എം.പി2/1738/2016
തീയതി:12.11.16

# കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.7.16 മുതൽ 30.9.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 2 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി സിനി എം.വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 27.10.2016 മുതൽ 4.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ് പി.ജി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഡാനിമോൾ കെ.ജെ. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ജിജി ജോർജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ജോസഫ് ജോർജ് | 1.4.15 മുതൽ 31.10.15 വരെ |
| | ശ്രീമതി മിനി സാവിയോ | 12.11.15 മുതൽ 31.3.16 വരെ |
| സെക്രട്ടറി | ശ്രീമതി എം.എൻ.ലളിതമ്മ, സെക്രട്ടറി ഇൻ ചാർജ് | 1.4.15 മുതൽ 19.7.15 വരെ, & 26.1.16 മുതൽ 18.2.16 വരെ |
| | ശ്രീ.റ്റി.ജെ.രാജു | 20.7.15 മുതൽ 25.1.16 വരെ |
| | ശ്രീ.ഷാജി തോമസ് | 19.2.16 മുതൽ 22.2.16 F.N. വരെ |
| | ശ്രീ.റ്റി.എം.ആരിഫ് | 23.2.16 മുതൽ 31.3.16 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി റോണി വർഗീസ് | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.വിനരാജ് ഡി.<br>ശ്രീ.ഷാനവാസ് ഇ.<br>ശ്രീമതി ചിത്ര എസ്.<br>ശ്രീ.ജയിംസ് ജോർജ് | 1.4.15 മുതൽ 16.5.15 വരെ<br>17.5.15 മുതൽ 27.6.15 വരെ<br>28.6.15 മുതൽ 6.10.15 വരെ<br>7.10.15 മുതൽ 31.3.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രീതി ദാമോദരൻ | 1.4.15 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ.ഡോസി സഖറിയ | 1.4.16 മുതൽ 31.3.16 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി ബിന്ദു എം.ആർ.<br>ശ്രീമതി പുഷ്കല പി.എൻ. | 1.4.2015 മുതൽ 19.12.15 വരെ<br>20.12.15 മുതൽ 31.3.16 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി താരാ ഗോപാൽ | 1.4.15 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.എം.ഷാജൻ | 1.4.15 – 30.11.15 & 1.3.16 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.രാധികാ വിജയൻ | 1.12.15 – 28.2.16<br>2.3.16 – 31.3.16 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ.ലിലി ജേക്കബ് | 1.4.15 മുതൽ 31.3.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി പി.എൻ.ലളിതമ്മ | 1.4.15 മുതൽ 31.3.16 വരെ |

ഉള്ളടക്കം


| ഖണ്ഡിക നം. | വിഷയം |
|---|---|
| | ഭാഗം 1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| | ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | വസ്തുനികുതി-നിർണ്ണയത്തിലെ അപാകതകൾ |
| 2-3 | തൊഴിൽ നികുതി ഈടാക്കിയില്ല |
| | ഭാഗം 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |

| | |
|---|---|
| 3-1 | NPS-പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല |
| 3-2 | തെരുവ് വിളക്കുൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല |
| 3-3 | പശ്ചിമഘട്ട വികസനപദ്ധതി-തുക തിരികെ ഒടുക്കിയില്ല |
| 3-4 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായില്ല |
| 3-5 | മാർക്കറ്റ് വിലയേക്കാൾ അധികരിച്ച് നൽകിയ ടാർവില തിരികെ ഈടാക്കിയത് |
| | ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം 2015-16 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2015-16 |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2015-16 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2015-16 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 19.3.2015 തീയതിയിലെ 2-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 23.5.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

*(റസീറ്റ് & പേയ്മെന്റ് കണക്കുകളുടെ സംക്ഷിപ്തം)*

| | |
|---|---|
| മുൻ ബാക്കി | 1,59,22,686 |
| വരവ് | 8,59,81,742 |
| ആകെ | 7,16,51,343 |
| ചെലവ് | 7,71,75,548 |
| നീക്കി ബാക്കി | 1,03,98,480 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2,82,727 | 52,62,391 | 77,35,055 | 77,35,055 | (+)2189937 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1,98,714 | 18,44,175 | 20,42,889 | 19,05,175 | (-)137714 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 122 | 2,06,122 | 2,06,244 | 2,06,122 | (-)122 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 69,430 | 62,47,910 | 63,17,340 | 63,17,340 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3,33,130 | 13,81,276 | 17,14,406 | 17,14,406 | - | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 9,77,801 | 42,06,767 | 51,84,568 | 39,95,565 | (-)1189003 | 0 |
| ലോക ബാങ്ക് സഹായം | 26,74,670 | 7,98,423 | 34,73,093 | 26,09,995 | (-)863098 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | (എണ്ണം) | ശതമാനം |
| 128 | 3,63,48,145 | 106 | 2,56,43,326 | 2 | 20 | 83 |

പ്രോജക്ട് രൂപീകരണ നടപടിക്രമങ്ങൾ പാലിച്ച് തയാറാക്കി തിടനാട് ഗ്രാമപഞ്ചായത്തിന്റെ 18.5.15 ലെ നമ്പർ1 കമ്മിറ്റി തീരുമാനമായി അംഗീകരിച്ച പ്രസ്തുത പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതി 30.5.15-ലെ 490/15 /ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം തീയതി 30.5.15 നമ്പർ ഉത്തരവ് പ്രകാരം അംഗീകാരം നല്കി.

ടി പ്രോജക്ടുകളുടെ നിർവഹണത്തിലൂടെ ഗ്രാമപഞ്ചായത്ത് കൈവരിച്ച നേട്ടങ്ങളും അംഗീകാരം ലഭിച്ച പല പ്രോജക്ടുകളും നടപ്പാക്കാഞ്ഞതിനാലുള്ള കോട്ടങ്ങളും ചുവടെ ചേർക്കുന്നു.

ഉല്പാദനമേഖലയിൽ പച്ചക്കറികൃഷി, കാലിത്തൊഴുത്ത് നിർമാണം, കാലിത്തീറ്റവിതരണം, ആട് ഗ്രാമം പദ്ധതി എന്നിവ നടപ്പാക്കിയതിലൂടെ കാർഷികമേഖലയിൽ ഉല്പാദനവർദ്ധനവും സാമ്പത്തികപുരോഗതിയും ഉണ്ടായി. ഇത് പ്രസ്തുത മേഖലയിലെ ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടാൻ സഹായിച്ചു.

സേവനമേഖലയിൽ വീട്നിർമാണം, വീട് പുനരുദ്ധാരണം, അങ്കണവാടികളിൽ പോഷകാഹാരവിതരണം, പാലിയേറ്റീവ് പരിചരണം, അലോപ്പതി, ആയുർവേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്ന് വാങ്ങൽ, വിവിധ അങ്കണവാടികളുടെ സൗകര്യം മെച്ചപ്പെടുത്തൽ എന്നിങ്ങനെ വൈവിദ്ധ്യമാർന്ന പ്രോജക്ടുകളിലൂടെ വിവിധവിഭാഗം ജനങ്ങൾക്ക് പ്രയോജനം ലഭ്യമാക്കി.

നിരവധി റോഡുകളുടെ ടാറിംഗ്-റീടാറിംഗ് പ്രവൃത്തികൾ, റോഡുകളുടെ കോൺക്രീറ്റിംഗ്, അങ്കണവാടികളുടെ നിർമാണം, വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ അനുബന്ധസൗകര്യം വർധിപ്പിക്കൽ, സംരക്ഷണഭിത്തിനിർമാണം തുടങ്ങിയ പ്രോജക്ടുകളിലൂടെ ദുർബല വിഭാഗങ്ങളുൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെട്ടു.

അംഗീകാരം ലഭിച്ച മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കിയില്ലയെന്നത് പദ്ധതി നിർവഹണത്തിലെ വീഴ്ചയായി. കാർഷികമേഖലയായിട്ടും കൃഷി ഓഫീസർ കേവലം ഒരു പ്രോജക്ട് മാത്രമാണ് നടപ്പാക്കിയത്. ലഭ്യമാകുന്ന ഫണ്ടുകൾ വാർഡടിസ്ഥാനത്തിൽ വീതം വയ്ക്കുന്നതിനാൽ ലഭിക്കുന്ന തുകയ്ക്കനുസരിച്ചുള്ള പ്രവൃത്തി ചെയ്യുന്ന സമീപനമാണ് മരാമത്ത് വേലകളിൽ സ്വീകരിച്ചുപോരുന്നത്. അതിനാൽ പല പ്രവൃത്തികളും പൂർത്തിയാകാതെ അവശേഷിക്കുന്നു. പ്രോജക്ടുകൾ തയാറാക്കി നടപ്പിലാക്കുന്നതിലെ ഏറ്റവും പ്രധാന കോട്ടവും ഇതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.3 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 30,38,259 | 19,29,058 | 11,09,201 | (-)36.5 |
| നികുതിയേതര വരവുകൾ | 4,36,574 | 5,56,445 | 1,19,871 | (+)27.5 |
| മറ്റുവരവുകൾ | 74,575 | 94,568 | 19,993 | (+)26.8 |
| ആകെ | 35,49,408 | 25,80,071 | 9,69,337 | (-)27.3 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 86,640 | 56 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 15,11,640 | 204 |
| വിധവാപെൻഷൻ | 40,79,240 | 434 |
| വാർദ്ധക്യകാലപെൻഷൻ | 67,10,250 | 1055 |
| വികലാംഗപെൻഷൻ | 18,93,205 | 212 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,50,000 | 5 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതകൾക്കുള്ള പെൻഷൻ | 3,75,480 | 41 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.10.2016 ൽ 3.30pmന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2890/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ തൃപ്തികരമായിരുന്നുവെങ്കിലും ചില വീഴ്ചകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓഫീസ് ഉത്തരവുകളിലൂടെ ജീവനക്കാർക്ക് ജോലികൾ വിഭജിച്ച് നല്കിയിരുന്നു. രജിസ്റ്ററുകളും അനുബന്ധരേഖകളും ശരിയായി സംരക്ഷിച്ചിട്ടുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ, ജനറൽ കമ്മിറ്റി എന്നിവയുടെ മിനിറ്റ്സുകൾ എഴുതി പൂർത്തിയാക്കിയിട്ടുണ്ട്. എന്നാൽ നികുതി പിരിവിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നില്ലയെന്നാണ് 25 ലക്ഷത്തോളമുള്ള വസ്തുനികുതി കടിശ്ശികയിൽനിന്ന് വ്യക്തമാകുന്നത്. മരാമത്ത് പ്രവൃത്തികളുൾപ്പെടെയുള്ളവയിൽ വലിയതുകയ്ക്കുള്ള വാങ്ങലുകൾ നടക്കുമ്പോഴും പ്രാദേശികസർക്കാരെന്നനിലയിൽ "വാറ്റ് "ബില്ലുകൾ നിഷ്കർഷിക്കുന്നില്ല എന്നത് വീഴ്ചയാണ്.

നികുതിപിരിവിലുൾപ്പെടെ കാര്യക്ഷമത കൈവരിച്ച് ആഭ്യന്തരനിയന്ത്രണം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.9.2016 | 8/2016 | 17.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.10.2006 | 1997-98 to 2005-06 | LBA(HQ)/8A/1058/848 /27.11.06 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 26.07.2011 ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

2) RP-31ൽ വികസനഫണ്ട്(പൊതുവിഭാഗം), ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വരവുവിവരങ്ങൾ ACR മായി പൊരുത്തപ്പെടുന്നില്ല.

## 2-2 വസ്തുനികുതി- നിർണ്ണയത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)കെട്ടിട ഉടമ-ശ്രീ.നൈസ് മോൻ ജേക്കബ്, പുളിയൻപറമ്പിൽ, തിടനാട്

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച മീ) | അടിസ്ഥാന വസ്തുനികുതി @ 30/ച മീ | ചുമത്തിയ നികുതി(നികുതി + ലൈബ്രറി സെസ്)<br>(വർദ്ധനവ് - 5മീറ്റർവഴി-20%) | ചുമത്തേണ്ട നികുതി @ 50/ച.മീ. |
|---|---|---|---|---|
| 13/532A | 17.71 | 531.3 | നികുതി-531.3+106.26=638<br>L C=32<br>ആകെ=638+32=670 | 233.41x50=11670.50<br>വർദ്ധനവ്=2334.10<br>ആകെ= 14004.60<br>L.C=700 |
| 13/532B | 18.7 | 561 | നികുതി-561+112.2=674<br>L C=34<br>ആകെ=674+34=708 | |
| 13/532C | 20 | 600 | നികുതി-600+120=720<br>L C=36<br>ആകെ=720+36=756 | |
| 13/532D | 20 | 600 | നികുതി-600+120=720<br>L C=36<br>ആകെ=720+36=756 | |
| 13/532E | 20 | 600 | നികുതി-600+120=720<br>L C=36<br>ആകെ=720+36=756 | |

| | | | | |
|---|---|---|---|---|
| 13/532F | 20 | 600 | നികുതി-600+120=720<br>L C=36<br>ആകെ=720+36=756 | |
| 13/532G | 22 | 660 | നികുതി-660+132=792<br>L C=40<br>ആകെ=792+40=832 | |
| 13/532H | 20 | 600 | നികുതി-600+120=720<br>L C=36<br>ആകെ=720+36=756 | |
| 13/532I | 25 | 750 | നികുതി-750+150=855<br>L C=43<br>ആകെ=855+43=898 | |
| 13/532J | 25 | 750 | നികുതി-750+150=855<br>L C=43<br>ആകെ=855+43=898 | |
| 13/532K | 25 | 750 | നികുതി-750+150=855<br>L C=43<br>ആകെ=855+43=898 | |
| ആകെ | 233.41 | | 8269+415=8684 | 14004.60+<br>700=14704.6 |

കൂടാതെ ഈ കെട്ടിടത്തിന്റെ മുകൾനിലയിൽ നിർമ്മിച്ചിട്ടുള്ളതും 37ച മീ വീതം വിസ്തീർണ്ണം ഉള്ളതുമായ 3 ഫ്ലാറ്റുകൾക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല. ജി.ഒ.(എം.എസ്.)144/2015/തസ്വഭവ തീയതി 27.4.2015 പ്രകാരം ഈ കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയതായി അസ്സസ്സ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും സഞ്ചയ സോഫ്റ്റ്വെയറിൽ തദനസൃതമായി പാർപ്പിടാവശ്യം- 60ച മീറ്ററിൽ കുറവ് എന്ന രീതിയിൽ നികുതിയിൽനിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല.

2)കെട്ടിട ഉടമ- ശ്രീ.മാത്തുക്കുട്ടി ജോസഫ്, ഉുങ്കുഴിയിൽ, തിടനാട്

| കെട്ടിട നമ്പർ | തറവിസ്തീർണ്ണം (ച.മീ.) | അടിസ്ഥാന വസ്തുനികുതി @ 30/ച മീ | (നികുതി + ലൈബ്രറി സെസ്)<br>(വർദ്ധനവ് – 5മീറ്റർവഴി-20% )<br>(ഇളവ്-കുറഞ്ഞതരം മേൽക്കുര- 10%) | ചുമത്തേണ്ട നികുതി 50/ച.മീ. |
|---|---|---|---|---|
| 10/416A | 16.6 | 498 | 498+99.6-49.8=548<br>L C=28<br>ആകെ=548+28=576 | 200.1x 50 = 10005<br>വർദ്ധനവ് =2001 |

| | | | | |
|---|---|---|---|---|
| 10/416B | 25.5 | 765 | 765+153-76.545=842<br>L C=43<br>ആകെ=842+43=885 | |
| 10/416C | 29.3 | 879 | 879+175.8-87.9=967<br>L C=49<br>ആകെ=967+49=1016 | |
| 10/416D | 35.7 | 1071 | 1071+214.2-107.1-107.1=1071<br>L C=54<br>ആകെ=1071+54=1125 | |
| 10/416E | 15.5 | 465 | 465+93=558<br>L C=28<br>ആകെ=558+93=586 | |
| 10/416F | 15.5 | 465 | 465+93=558<br>L C=28<br>ആകെ=558+93=586 | ആകെ =12006<br>L C =600 |
| 10/416G | 15.5 | 465 | 465+93=558<br>L C=28<br>ആകെ=558+93=586 | |
| 10/416H | 15.5 | 465 | 465+93=558<br>L C=28<br>ആകെ=558+93=586 | |
| 10/416I | 15.5 | 465 | 465+93=558<br>L C=28<br>ആകെ=558+93=586 | |
| 10/416J | 15.5 | 465 | 465+93=558<br>L C=28<br>ആകെ=558+93=586 | |
| ആകെ | 200.1 | | 6776+342 = 7118 | 12006+600=12606 |

ക്രമ നം.1 മുതൽ 4 വരെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂര ഷീറ്റ് (കുറഞ്ഞ തരം) എന്നും ക്രമ നം.5 മുതൽ 10

വരെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂര കോൺക്രീറ്റെന്നും, ക്രമ നം.4 ൽ ദ്വിതീയ മേഖലയെന്നും മറ്റുള്ളവയിൽ പ്രഥമ മേഖലയെന്നും രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചത്. എന്നാൽ കംപ്ലീഷൻ പ്ലാൻ ഓഡിറ്റിൽ ലഭ്യമാക്കാതിരുന്നതിനാൽ ഇതിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ സാധിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതി) ചട്ടങ്ങളിൽ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെതന്നെ വ്യത്യസ്ത ഭാഗങ്ങൾ ഒരാളിന്റെ ഉടമസ്ഥതയിൽ ആണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾക്ക് പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിൽ ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കാവുന്നതാണ്. എന്നാൽ തക്കതായ കാരണങ്ങൾ എന്താണെന്ന് പ്രത്യേകം നിർവചിക്കപ്പെട്ടിട്ടില്ല. നിർവചിക്കപ്പെടാത്ത കാരണങ്ങൾ തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ മേധാവിക്ക് സ്വയം കണ്ടെത്താൻ കഴിയുകയുമില്ല. ഓരോ കടമുറികളും പ്രത്യേകം വാടകയ്ക്ക് നൽകുന്നു എന്നത് ഒരു കാരണമായി കണക്കാക്കാനും കഴിയുകയില്ല.

ഈ സാഹചര്യത്തിൽ സൂചിത കെട്ടിടങ്ങളുടെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി ഉത്തരവാദിത്തത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 2-3 തൊഴിൽനികുതി ഈടാക്കിയില്ല

1. 2015-16 സാമ്പത്തിക വർഷത്തിൽ തിടനാട് മഹാക്ഷേത്രം ദേവസ്വത്തിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.
2. കെ.എസ്.ഇ.ബി., പിണ്ണാക്കനാട് ഇലക്ട്രിക്കൽ സെക്ഷനിൽനിന്ന് 1-ാം അർദ്ധ വർഷത്തിലും, MES കോളേജ്, തിടനാട് എന്ന സ്ഥാപനത്തിൽ നിന്ന് ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലും സ്ഥാപനതൊഴിൽനികുതി ഈടാക്കിയില്ല.

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 NPS-പെൻഷൻ കോൺട്രിബ്യൂഷൻ തുക ഒടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

സ.ഉ.(അ)നം.152/14 ധന തീയതി 29.04.14 ഉത്തരവ് പ്രകാരം 1.4.13ന ശേഷം സേവനത്തിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും അടിസ്ഥാനശമ്പളവും ഡി.എ.യും ചേർന്ന തുകയുടെ 10%നിരക്കിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഈടാക്കേണ്ടതാണ്. സേവനദാതാവ് തത്തുല്യമായ വിഹിതവും ചേർത്ത് പെൻഷൻഫണ്ടിലേയ്ക്ക് ഈ തുക ഒടുക്കേണ്ടതാണ്. വാർഷികധനകാര്യപത്രിക പ്രകാരം 1.4.2013ന ശേഷം സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പളത്തിൽനിന്ന് ഈടാക്കിയ പെൻഷൻ വിഹിതമിനത്തിൽ ആകെ 38,730 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ജീവനക്കാർക്ക് PRAN ലഭിച്ചിട്ടില്ലായെന്ന കാരണത്താൽ നാളിതുവരെ ടി തുക ഒടുക്കുന്നതിന് യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കൂടാതെ, ജീവനക്കാരുടെ വിഹിതത്തിനൊപ്പം തത്തുല്യമായ ഗ്രാമപഞ്ചായത്ത് വിഹിതം മാറ്റിവച്ചിട്ടുമില്ല. ഗ്രാമപഞ്ചായത്തിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് PRAN ലഭിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതും NPS കുടിശിക പിടിയ്ക്കുന്നതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതവുമുൾപ്പെടുത്തി നിശ്ചിത ശീർഷകത്തിൽ അടവാക്കേണ്ടതുമാണ്.

## 3-2 തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷികകണക്ക് പ്രകാരം ആകെ 836736 രൂപ തെരുവുവിളക്കുകളുടെ കറന്റ് ചാർജിനത്തിൽ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് സർക്കുലർ നമ്പർ 65529/ഡി

സി3/2012/ തസ്വഭവ തീയതി 12.3.2013 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഇതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നത് വഴി യഥാർത്ഥ ഉപഭോഗത്തിനനുസരിച്ച് മാത്രം കറന്റ് ചാർജ് ഒടുക്കിയാൽ മതിയെന്നിരിക്കേ, കെ.എസ്.ഇ.ബി. ഹാജരാക്കുന്ന ബിൽ അനുസരിച്ച് തുക ഒടുക്കുന്നത് ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്. ആയതിനാൽ തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് വാർഷികപദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 പശ്ചിമഘട്ടവികസനപദ്ധതി-തുക തിരികെ ഒടുക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രിക പ്രകാരം, പശ്ചിമഘട്ടവികസന പദ്ധതിയ്ക്കായുള്ള ടി എസ് ബി 1ടഷറി അക്കൗണ്ടിൽ 31.3.2016ൽ 4,07,106 രൂപ അവശേഷിക്കുന്നു. ഗ്രാമപഞ്ചായത്തുകളിൽ മുൻവർഷങ്ങളിൽ ലഭിച്ചതും ഇതുവരെ ചെലവഴിക്കാത്തതുമായ പശ്ചിമഘട്ടവികസന പദ്ധതിവിഹിതവും പലിശയും പശ്ചിമഘട്ട സെൽ ജോയിന്റ് ഡയറക്ടറുടെ പേരിൽ ചെക്കുപ്രകാരം നൽകുന്നതിന് 720/15ഡബ്ല്യു.ജി/ഡി പി ഒ/കെ ടി എം/4.10.2016 നമ്പരായി ജില്ലാ കളക്ടർ നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതിയ്ക്കായുള്ള എല്ലാ അക്കൗണ്ടുകളിലും അവശേഷിക്കുന്ന മുഴുവൻ തുകയും തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-മരുന്ന് ലഭ്യമായില്ല

പ്രോ.നം.54/16 ആയി മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നിർവഹണ ഉദ്യോഗസ്ഥനായ പ്രോജക്ടാണ് ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ. മെയിന്റനൻസ് ഫണ്ട് റോഡിതരം 80,000 രൂപയും, തനത് ഫണ്ട് 20,000 രൂപയുമുൾപ്പെടെ ആകെ 1,00,000 രൂപ വകയിരുത്തിയ ടി പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിനായി ഡി.ഡി കമ്മീഷൻ ഇനത്തിൽ 109 രൂപ കിഴിച്ച് 99,891 രൂപ കേരള സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസി ലിമിറ്റഡ്, ആലപ്പുഴയ്ക്ക് ചുവടെ ചേർക്കുന്ന ഡി.ഡി കൾ പ്രകാരം നല്കിയിട്ടുണ്ട്.

ഡി.ഡി നം.973535/29-2-2016 തുക -19891.

ഡി.ഡി നം.906547/3-3-2016 തുക – 80000.

എന്നാൽ നാളിതുവരെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ 1,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 മാർക്കറ്റ് വിലയേക്കാൾ അധികരിച്ച് നല്കിയ ടാർവില തിരികെ ഈടാക്കിയത്

അസിസ്റ്റന്റ് എൻജിനീയർ നടപ്പിലാക്കിയ 068/16നം.ചേരാനി - വട്ടക്കണ്ണി റോഡ് റീടാറിംഗ് എന്ന പ്രവൃത്തിയ്ക്ക് 2411.52 കി.ഗ്രാം.ടാർ ഉപയോഗിക്കുകയുണ്ടായി. എസ്റ്റിമേറ്റ് പ്രകാരം 35 രൂപയാണ് നിരക്ക് നല്കിയത്. ടാർ വാങ്ങൽ സംബന്ധിച്ച ഇൻവോയ്സ് പ്രകാരം കിലോഗ്രാമിന് 29.5/ രൂപമാത്രമാണ് ആയിട്ടുള്ളത്. അതുപ്രകാരം 2411.52 കി.ഗ്രാം ടാറിന് 5.5/ രൂപ വച്ച് ആകെ 13,263 രൂപ പ്രവൃത്തി നടത്തിയ ഗുണഭോക്തൃസമിതി കൺവീനർക്ക് അധികം നല്കി.

ടാറിന് അധികനിരക്ക് നല്കിയതിന് വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.2) നല്കിയതിന്റെ അടിസ്ഥാനത്തിൽ അധികം നല്കിയ തുക 4.11.2016 ലെ 11601101782 നമ്പർ രസീത് പ്രകാരം കൺവീനർ പഞ്ചായത്തിലൊടുക്കിയിട്ടുണ്ട്.

ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-2016 | 60,000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 60,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-2016 | 10,00,000 | ജലനിധി | 10,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-2016 | 10,00,000 | ജലനിധി | 10,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | കാളകെട്ടി- തോട്ടക്കടവ്, കാളകെട്ടി- ഓണാനി, സി എം എസ് കോളനി റോഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 546717/ 27.7.2015 | 70,000 | - | 70,000 |
| കെ.എസ്. ഇ.ബി. | എട്ടാംമൈൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 572191/ 28.3.2016 | 32,440 | - | 32,440 |
| കെ.എസ്. ഇ.ബി. | എസ് സി കോളനി, എസ് സി സങ്കേതം എന്നിവിടങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 907004/ 24.3.2016 | 4,37,880 | - | 4,37,880 |
| കെ.എസ്. ഇ.ബി. | സ്ട്രീറ്റ്ലൈറ്റ് മെയിന്റനൻസ് | 547170/ 20.2.2015 | 72,800 | - | 72,800 |

കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ച തുകകളുടെ വിനിയോഗസാക്ഷ്യപത്രവും പദ്ധതികളുടെ പൂർത്തീകരണവിവരവും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,295 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2013-2014 | | 963 | ശ്രീമതി ബിന്ദു എം.ആർ., ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11501100903/ 9.8.2015 |
| 2013-2014 | | 1,332 | ശ്രീ.സൈമൺ വർഗീസ്, സെക്രട്ടറി | 11501100928/21.8.2015 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01,01-02 (ജനകീയാസൂത്രണം) | 2(1) | 2003-04 | 3.5.2 | ജലസേചന പദ്ധതികൾ-മുൻഗണനാക്രമം തെറ്റിച്ച് മെറ്റീരിയൽ വാങ്ങിയ ഇനത്തിൽ ഭീമമായ നഷ്ടം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 1999-00 | | 2003-04 | പേജ് 63 | 1.നിർവ്വഹണം നടത്താതെ മരാമത്ത് പണിയ്ക്ക് 50,000 രൂപ മുൻകൂർ നൽകി.<br>2.മരാമത്ത് പണികൾ-അനുവദനീയമായതിലും കൂടുതൽ മെറ്റീരിയൽ ഉപയോഗിച്ചു.<br>3.വനിത സ്വയം സഹായസംഘങ്ങൾക്ക് സബ്സിഡി-പ്രോജക്ടിന് വിരുദ്ധമായി നൽകിയത്-24000/- | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,75,74,028 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,71,75,548 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,00,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 1,00,000 | ഡോ.രാധികാ വിജയൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 98-99 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (1)/25.8.11 | | |
| 99-2000 ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (4)/25.8.11 | | |
| 00-01, 01-02 | എൽ.എഫ്.കെ.പി.7/17/04/3.2.03 | | |
| 02-03 ചെലവ് | എൽഎഫ്.പി.7/184/05/7.5.07 | | |

| | | | |
|---|---|---|---|
| | | | |
| 03-04<br>ചെലവ് | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (5)/25.8.11 | | |
| 96-97വരവ് | എൽ.എഫ്.കെ.പി.3/913/07/21.11.08 | | |
| 97-98<br>വരവ് | എൽ.എഫ്.കെ.പി.3/914/07/20.4.09/12.6.09 | | |
| 2000-01<br>ചെലവ് | എൽ.എഫ്.കെ.പി.3/919/07/20.4.09 | | |
| 2001-02 | എൽ.എഫ്.കെ.പി.3/918/07/20.4.09 | | |
| 2002-03<br>വരവ് | എൽ.എഫ്.കെ.പി.3/920/07/20.4.09 | | |
| 2003-04<br>വരവ് | എൽ.എഫ്.കെ.പി.1/960/അദാ (സി)/2011 (6)/25.8.11 | | |
| 2004-05 | എൽ.എഫ്.കെ.പി.1/960/അദാ (സി3)/2011 (7)/25.8.11 | | |
| 2005-06 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (8)/25.8.11 | | |
| 2006-07 | എൽ.എഫ്.കെ.പി.1/960/അദാ (സി4)/2011 (9)/25.8.11 | | |
| 2007-08 | എൽ.എഫ്.കെ.പി.2/344/12/8.5.12 | | |
| 2008-09 | എൽ എഫ്.കെ.പി.2/444/11/30.4.13 | | |
| 2009-10 | എൽ.എഫ്.കെ.പി.2/445/11/8.2.13 | | |
| 10-11, 11-12 | എൽ.എഫ്.കെ.പി.2/817/13/3.12.13 | | |
| 2012-13 | എൽ.എഫ്.കെ.പി.2/1469/14/ 4.3.15 | | |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി.2/1669/15/<br>15.4.16 | | |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.2/1049/16/<br>21.7.16 | | |

| | | | |
|---|---|---|---|

ഡെപ്യൂട്ടിഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി.2/1738//2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി: 12.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിടനാട് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം